പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1863 | 12.06.2019-ലെ മറുപടിക്ക്

## ട്രാൻസ് ടവേഴ്സ് കെട്ടിടം കൈമാറ്റം

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കേരള മോട്ടോർ വാഹനവകുപ്പിന്റെ ഭൂമിയിൽ കെ.ടി.ഡി.എഫ്.സി., ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിച്ച വഴുതക്കാട്ടുള്ള ട്രാൻസ് ടവേഴ്സിന്റെ നിർമ്മാണ ചെലവ് എത്രയായിരുന്നു; നിശ്ചയിച്ചിരിക്കുന്ന ബി.ഒ.ടി. കാലാവധി വ്യക്തമാക്കുമോ; നിശ്ചയിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ; പ്രസ്തുത കെട്ടിടം മോട്ടോർ വാഹനവകുപ്പിന് എപ്പോൾ കൈമാറാൻ സാധിക്കും; ഇതുസംബന്ധിച്ച ഉത്തരവുകളുടെയും എഗ്രിമെന്റിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | കേരള മോട്ടോർ വാഹന വകുപ്പിന്റെ ഭൂമിയിൽ കെ.റ്റി.ഡി.എഫ്.സി., ബി.ഒ.ടി. വ്യവസ്ഥയിൽ നിർമ്മിച്ച ട്രാൻസ് ടവേഴ്സിന് 28.02.2003-ലെ സ.ഉ.(കൈ) നം. 8/2003/ഗതാഗതം പ്രകാരം 7.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് 19.88 കോടി രൂപയാണ്. ബി.ഒ.ടി. കാലാവധി നിശ്ചയിച്ചിട്ടില്ല. കെ.റ്റി.ഡി.എഫ്.സി. മുടക്കിയ മുതലും പലിശയും വസൂലാക്കിയതിന് ശേഷം ട്രാൻസ് ടവേഴ്സ് കെട്ടിടം കെ.റ്റി.ഡി.എഫ്.സി. ഹെഡ് ഓഫീസ് പ്രവർത്തിക്കുന്ന ആറാമത്തെ നില ഒഴികെയുള്ള നിലകൾ മോട്ടോർ വാഹന വകുപ്പിന് കൈമാറണമെന്നാണ് നിബന്ധന. ഇത് സംബന്ധിച്ച കരാർ നിലവിലില്ല. |
| (ബി) | പ്രസ്തുത കെട്ടിടത്തിൽ നിന്നും നാളിതുവരെ കെ.ടി.ഡി.എഫ്.സി. വാടകയിനത്തിലും മറ്റുമായി നേടിയെടുത്ത തുക എത്രയാണ്; കെട്ടിടത്തിൽ | (ബി) | നാളിതുവരെ ട്രാൻസ് ടവേഴ്സ് കെട്ടിടത്തിന് വാടകയിനത്തിൽ 2019 മാർച്ച് മാസം വരെ 17,86,62,052/- രൂപ ലഭിച്ചിട്ടുണ്ട്.<br>ട്രാൻസ് ടവേഴ്സിൽ നിലവിൽ |

| | | | |
|---|---|---|---|
| | ഇപ്പോൾ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും പേരുവിവരം ലഭ്യമാക്കുമോ; ഇവരിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിലും മറ്റും ലഭിച്ച തുക വിശദമാക്കാമോ; | | വാടകയ്ക്ക് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.<br>1. Vodafone Idea Ltd.<br>2. Additoinal Skill Acquisition Programme<br>3. LIC of India<br>4. Kerala Local Government Service Delivery Project.<br>5. Kerala Urban & Rural Development Finance Corporation Ltd.<br>6. Comprehensive Health Insurance Agency of Kerala.<br>7. Kerala Education Mission<br>8. Muralya Properties Pvt. Ltd.<br>9. Kerala Rail Development Corporation Ltd.<br>10.Kerala State Insurance Department<br>11.Kerala Road Safety Authority<br>12.M/s. BATA India Ltd.<br>മുകളിൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ വാടകയിനത്തിൽ ലഭിച്ചത് 2,08,62,241/- രൂപയാണ്. |
| (സി) | ബാക്കി എത്ര തുക കൂടി പിരിഞ്ഞു കിട്ടിയാലാണ് കെ.ടി.ഡി.എഫ്.സി. ചെലവാക്കിയ തുക പൂർണ്ണമായും അടച്ചുതീർക്കാൻ കഴിയുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ | (സി) | 31.03.2019-ന് 30,53,76,329/- രൂപ കൂടി കെ.റ്റി.ഡി.എഫ്.സി.യ്ക്ക് ലഭ്യമാകാനുണ്ട്. പ്രസ്തുത തുകയും 31.03.2019-നു ശേഷമുള്ള കണക്കനുസരിച്ചുള്ള തുകയും ലഭ്യമാക്കിയാൽ മാത്രമേ ട്രാൻസ് ടവേഴ്സ് കെട്ടിടം |

| | | | |
|---|---|---|---|
| | കാരണം വ്യക്തമാക്കാമോ? | | മോട്ടോർ വാഹന വകുപ്പിന് ഏർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | നിർമ്മാണ ചെലവ് പിരിഞ്ഞുകിട്ടുന്നതുവരെ കെ.ടി.ഡി.എഫ്.സി. യുടെ ഉടമസ്ഥതയിൽ പ്രസ്തുത കെട്ടിടവും സ്ഥലവും നിലനിർത്താനാണ് വ്യവസ്ഥയെങ്കിൽ തുക കണക്കാക്കാതെയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദമാക്കാമോ; | (ഡി) യും (ഇ) യും (എഫ്) യും | ബാക്കി ലഭ്യമാക്കാനുള്ള തുക സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ട്. ഓഡിറ്റിന് ശേഷം ട്രാൻസ് ടവേഴ്സ് മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നതിനുള്ള അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഇ) | പ്രസ്തുത കെട്ടിടം മോട്ടോർ വാഹന വകുപ്പിന് കൈമാറണമെന്ന ട്രാൻസ്പോർട്ട് കമ്മീഷണറുടെ 5.4.2017 ലെ കത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; റവന്യൂ വരുമാനത്തിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്ന മോട്ടോർ വാഹന വകുപ്പിന് സ്വന്തമായി ആസ്ഥാനമില്ലായെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | | |
| (എഫ്) | തിരുവനന്തപുരം ആർ.ടി. ഓഫീസ് ഉൾപ്പടെയുള്ളവ ഭാരിച്ച വാടക നൽകി പ്രവർത്തിക്കുമ്പോൾ കെ.ടി.ഡി.എഫ്.സി. യ്ക്ക് ചെലവായ തുക നൽകി ട്രാൻസ് ടവേഴ്സ് സർക്കാർ ഏറ്റെടുക്കാത്തതിലുള്ള കാരണം വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| RENT COLLECTION FROM TRAN TOWERS COMPLEX FOR THE PERIOD 2006-2019 | |
|---|---|
| RENT COLLECTED FOR THE PERIOD FROM 2006-2015 | 101,185,237.05 |
| RENT COLLECTED FOR THE PERIOD 2015-16 | 17,418,729.00 |
| RENT COLLECTED FOR THE PERIOD 2016-17 | 20,204,658.00 |
| RENT COLLECTED FOR THE PERIOD 2017-18 | 18,991,187.00 |
| RENT COLLECTED FOR THE PERIOD 2018-19 | 20,862,241.00 |
| **TOTAL** | **178,662,052.05** |

## PROJECT COST OF TRANS TOWER COMPLEX AS ON 31.03.2019

| | |
|---|---|
| Total Project cost of TransTower complex | 198,839,709.00 |
| Less:Cost of 6th Floor occupied by KTDFC | 35,389,765.00 |
| BOT Capital expenses | 163,449,944.00 |
| Interest on BOT Advance from 01.04.2007 to 31.03.2019 | 243,710,794.07 |
| Total recoverable cost of Trans Tower Complex | 407,160,738.07 |
| Less:- | |
| Net Income(i.e Income minus Expenses from the project for the period from 1.04.2006 to 31.03.2019) | 101,784,409.41 |
| Balance amount to be recovered from project | 305,376,328.66 |
| | |